ഉത്തരം

(എ) ഈ നിർദ്ദേശം സജീവ പരിഗണനയിലാണ്.

(ബി) മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ബി-യിലെ ഉത്തരം നോക്കിയാലും.

53 (495) വർക്കല വിദ്യാഭ്യാസ ഉപജില്ലാ ഓഫീസ് കെട്ടിട നിർമ്മാണം

ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാൽപ്പത് വർഷമായി വർക്കല വിദ്യാഭ്യാസ ഉപജില്ലാ ഓഫീസ് വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്ഥിരം കെട്ടിടം നിർമ്മിക്കാൻ സർക്കാരിൽനിന്നും വർക്കല വില്ലേജിൽ സർവേ 2161-ൽപ്പെട്ട 24.5 സെന്റ് സ്ഥലം വിദ്യാഭ്യാസ വകുപ്പിന് നൽകിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ ഫണ്ടും ഭരണാനുമതിയും നൽകിയിട്ടും ജോലി ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ജോലിക്ക് ടെണ്ടർ ക്ഷണിച്ചെങ്കിലും ജോലി ആരംഭിക്കാത്തതിന് കാരണം എന്താണ്; ഈ ജോലി അടിയന്തിരമായി ആരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്.

(സി) 6.9.99-ലെ കോടതിവിധി പ്രകാരം സ്റ്റാറ്റസ്കോ നിലനിർത്തണമെന്ന ഉത്തരവ് ഉള്ളതിനാൽ ജോലി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

(ഡി) ജോലി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

54 (496) കായംകുളം മണ്ഡലത്തിലെ ഹൈസ്കൂളുകൾ

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കായംകുളം മണ്ഡലത്തിലെ മുതുകുളം സംസ്കൃത ഹൈസ്കൂൾ, പ്രയാർ ഹൈസ്കൂൾ, ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ, എസ്.ആർ.പി.എം. ഹൈസ്കൂൾ, സെന്റ്മേരീസ് ഹൈസ്കൂൾ, വിനോബാ ഹൈസ്കൂൾ, സി.എം.എസ്. ഹൈസ്കൂൾ, വിശ്വഭാരതി ഹൈസ്കൂൾ, പുള്ളിക്കടക്ക എൻ.എസ്.എസ്. ഹൈസ്കൂൾ, രാമപുരം ഗവ. ഹൈസ്കൂൾ, പന്നിയൂർ പഞ്ചായത്ത് ഹൈസ്കൂൾ, കൊപ്പാറേത്ത് ഹൈസ്കൂൾ, മുതുകുളം ഹൈസ്കൂൾ, പുളിയറ ഹൈസ്കൂൾ എന്നീ ഹൈസ്കൂളുകളിൽക്കൂടി പ്ലസ് ടൂ കോഴ്സ് അനുവദിക്കുന്നതിനുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly